വർഷം	ഗുണഭോക്താക്കളുടെ എണ്ണം	നൽകിയ വായ്പാ തുക (ലക്ഷത്തിൽ)
2006-07	59	27.35
2007-08	98	62.88
2008-09	141	89.48
2009-2010	177	120.57
2010-2011	61	46.90
ആകെ	536	347.18

ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം

111 (5516) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവികസനവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് ഏത് ബഡ്ജറ്റ് ശീർഷകത്തിലാണ് പ്രസ്തുത പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) പദ്ധതിക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ വർഷവും വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിനായി വിവിധ സർക്കാർ വകുപ്പുകൾ, ട്രൈബൽ മിഷൻ തുടങ്ങിയ സർക്കാർ ഏജൻസികൾ എന്നിവയുടെ ഏകോപനത്തോടെയും സഹകരണത്തോടെയും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി നൽകുന്നതിന് പ്രധാനമായും ചുവടെ ചേർക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(1) 2006-ലെ വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ വനഭൂമിയിൽ താമസിക്കുന്ന അർഹരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള സർവ്വേ നടപടികൾ ത്വരിതപ്പെടുത്തിവരുന്നു. സർവ്വേ പൂർത്തീകരിച്ച 24374 ക്ലെയിമുകളിലായി 8234 പേർക്ക് 9131.248 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(2) ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി കണ്ടെത്തി വിതരണം ചെയ്തുവരുന്നു. മിഷൻ മുഖേന നാളിതുവരെ 6175 കുടുംബങ്ങൾക്കായി 8345.341 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(3) 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരധിവാസ സ്ഥാപനവും നിയമപ്രകാരം ഭൂമി ഏറ്റെടുത്ത് വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) വയനാട് ജില്ലയിൽ ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് ചട്ടപ്രകാരം 50 കോടി രൂപ ചെലവിൽ 1000 ഏക്കർ ഭൂമി വാങ്ങി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിലാണ്.

(5) ആദിവാസി പുനരധിവാസത്തിനായി കേന്ദ്ര സർക്കാർ വിട്ടുതരാമെന്ന് തത്വത്തിൽ സമ്മതിച്ചിട്ടുള്ള 7693.2257 ഹെക്ടർ വനഭൂമി ഏറ്റെടുക്കുന്നതിന് നെറ്റ് പ്രസന്റ് വാല്യൂ (എൻ.പി.വി.) ഒടുക്കണമെന്ന വ്യവസ്ഥയിൽനിന്നും സംസ്ഥാന സർക്കാരിനെ ഒഴിവാക്കാൻ ബഹു. സുപ്രീം കോടതിയോട് അപേക്ഷിച്ചിട്ടുണ്ട്.

(6) ഭൂമി നൽകൽ ആദിവാസി പുനരധിവാസത്തിന്റെ ആദ്യ ചുവട് വയ്പ് മാത്രമേയാകുന്നുള്ളു. വിതരണം ചെയ്ത ഭൂമിയുടെയും ആദിവാസികളുടെ സംസ്ക്കാരത്തിന്റെയും സംരക്ഷണവും പുനരധിവാസ പദ്ധതികളുടെ ഭാഗമാണ്. അതിന്റെ ഭാഗമായി പുനരധിവസിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് പ്രാഥമികമായി കുടിൽ നിർമ്മാണത്തിന് 3,000 രൂപാ വീതവും 1000 രൂപ വിലയ്ക്കുള്ള കാർഷിക ഉപകരണങ്ങളും വിതരണം ചെയ്തുവരുന്നു. കൂടാതെ ഭവന നിർമ്മാണം, കാർഷിക വികസന/മൃഗസംരക്ഷണ പദ്ധതികളും ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, ജലസേചനം, തൊഴിലുറപ്പ്, വൈദ്യുതീകരണം തുടങ്ങിയ പദ്ധതികളും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. ഇവയ്ക്കു പുറമെ ഓരോ പുനരധിവാസ മേഖലയിലേയും ആവശ്യങ്ങൾ മനസ്സിലാക്കി അതാത് പ്രദേശങ്ങൾക്ക് ഉതകുന്ന തരത്തിലുള്ള വിവിധ വികസന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കാര്യത്തിലും ആദിവാസി പുനരധിവാസ വികസന മിഷൻ ശ്രദ്ധ ചെലുത്തുന്നുണ്ട്. കേരളത്തിലെ പട്ടികവർഗ്ഗക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന അടിയൻ, പണിയൻ, പ്രാക്തന ഗോത്ര വർഗ്ഗം എന്നിവരുടെ ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തിക വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകിയിട്ടുള്ള ആവശ്യാധിഷ്ഠിത പ്രാദേശിക പദ്ധതികളും നടപ്പാക്കി വരുന്നു.

(ബി) "2225-02-800-37-ഭൂരഹിത ആദിവാസികളുടെ പുനരധിവാസം (പ്ലാൻ)."

(സി) ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ 3 വർഷം വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	വകയിരുത്തിയ തുക (രൂപ)	ചെലവഴിച്ച തുക(രൂപ)
2007-2008	13 കോടി	2.42 കോടി
2008-2009	15.12 കോടി	8.92 കോടി
2009-2010	25.75 കോടി	9.15 കോടി

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) വയനാട് ജില്ലയിലെ കുന്നത്തിടവക, സുഗന്ധഗിരി, പുക്കോട്, കാരാപ്പുഴ, ചീങ്ങേരി തുടങ്ങിയ പുനരധിവാസ പ്രദേശങ്ങളിലായി 997 ആദിവാസി കുടുംബങ്ങൾക്കായി 2526.601 ഏക്കർ ഭൂമി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിന് ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് ഗൈഡ്ലൈൻസ് പ്രകാരം 1000 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മാനന്തവാടി, വൈത്തിരി താലൂക്കുകളിലായി ഭൂവുടമകളിൽനിന്ന് ലഭിച്ചിട്ടുള്ള 1865 ഏക്കർ ഭൂമിയുടെ ഓഫറുകൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള സമിതി പരിശോധിച്ചുവരികയാണ്.

വിതരണം നടത്തിയിട്ടുള്ള ഭൂമിയിലെ വീടുകളുടെ നിർമ്മാണവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും വിവിധ ഘട്ടങ്ങളിൽ ത്വരിതഗതിയിൽ നടന്നുവരുന്നു. സുഗന്ധഗിരി, പുക്കോട് പുനരധിവാസ മേഖലകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി യഥാക്രമം 15 ലക്ഷം രൂപ, 10 ലക്ഷം രൂപ എന്നിങ്ങനെ അനുവദിച്ച് നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ എസ്.സി./എസ്.ടി. വിഭാഗക്കാർക്കുള്ള ഭൂമിയും വീടും

112 (5517) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ദുർബല വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ എത്രപേർക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം അറിയിക്കുമോ ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു ;

(സി) ഈ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് കാസർഗോഡ് ജില്ലയിൽ ഭൂമി അനുവദിച്ചുവെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പട്ടികജാതി വികസന വകുപ്പ് ദുർബല വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതിപ്രകാരം 5 പേർക്ക് ഭൂമിയും വീടും നൽകുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly